സംസ്ഥാനത്തുനിന്നുള്ള ഡീസൽ/പെട്രോൾ വില്പനയിലെ കുറവ്

117 (3626) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളിലുള്ളതിനേക്കാൾ കൂടുതൽ വില്പന നികുതിയും സെസും ഡീസലിനും പെട്രോളിനും സംസ്ഥാനത്തുള്ളതിനാൽ, സംസ്ഥാനത്തു നിന്നുള്ള ഡീസൽ/പെട്രോൾ വില്പനയിലുള്ള കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2015 നവംബർ1 അനുസരിച്ച് കേരളത്തിന്റെ അതിർത്തി സംസ്ഥാനങ്ങളിലെ ഡീസലിന്റെയും പെട്രോളിന്റെയും നികുതിയും സെസും എത്രയാണെന്നും കേരളത്തിന്റേത് എത്രയാണെന്നും വിശദമാക്കാമോ;

(സി) തമിഴ്നാട്ടിൽ നിന്നും മാഹിയിൽ നിന്നും ഡീസൽ വാങ്ങി സംസ്ഥാനത്ത് വിൽക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഡീസൽ നികുതി അയൽ സംസ്ഥാനങ്ങളിലേതിന് സമാനമാക്കിയാൽ നികുതി വെട്ടിപ്പ് തടയാനും അവശ്യ സാധനങ്ങളുടെ വില കുറയ്ക്കാനും കഴിയുമെന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) സംസ്ഥാനങ്ങൾ തമ്മിലുള്ള നികുതി വ്യത്യാസം എല്ലാക്കാലവും നിലവിലുണ്ട്. എന്നാൽ ഇതിന്റെ ഫലമായി കേരളത്തിൽ പെട്രോളിന്റേയും ഡീസലിന്റേയും വിൽപ്പന കുറയുന്നതായും അത് അയൽ സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2014-15 സാമ്പത്തിക വർഷം നവംബർ വരെ പെട്രോളിന്റെ വിൽപ്പന കേരളത്തിൽ 720228 കിലോ ലിറ്ററായിരുന്നത് 2015-16 സാമ്പത്തിക വർഷം നവംബർ വരെ 911289 കിലോ ലിറ്ററായി വർദ്ധിച്ചിട്ടുണ്ട്. ഡീസലിന്റെ വിൽപ്പന 2014-15 സാമ്പത്തിക വർഷം നവംബർ വരെ 1515484 കിലോ ലിറ്ററായിരുന്നത് 2015-16 സാമ്പത്തിക വർഷം നവംബർ വരെ 1700311 കിലോ ലിറ്ററായി വർദ്ധിച്ചിട്ടുണ്ട്. ആയതിനാൽ വിൽപ്പനയിൽ കുറവ് സംഭവിച്ചിട്ടില്ല.

(ബി) ഡീസലിനും പെട്രോളിനും മേൽ അതിർത്തി സംസ്ഥാനങ്ങൾ ഈടാക്കുന്ന നികുതി നിരക്ക് താഴെ നൽകുന്നു:

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനം	പെട്രോൾ	ഡീസൽ
തമിഴ്നാട്	27.00%	21.43%
കർണ്ണാടക	25.00%	15.65%
ആന്ധ്രാപ്രദേശ്	31% + Rs. 4 per litre	22.25% + Rs. 4 per litre
തെലങ്കാന	35.20%	27.00%

പെട്രോൾ, ഡീസൽ എന്നിവയിന്മേൽ കേരളം ചുമത്തുന്ന നികുതികൾ ചുവടെ ചേർക്കുന്നു:

ഇനം	പെട്രോൾ	ഡീസൽ
വിൽപ്പന നികുതി	31.80%	24.52%
സാമൂഹ്യ സുരക്ഷാ സെസ്സ്	1% on tax	1% on tax
അധിക വിൽപ്പന നികുതി	Rs. 1 per litre	Rs. 1 per litre

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പരിഗണിക്കാവുന്നതാണ്.

സേവനാവകാശ നിയമം

118 (3627) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിൽ സേവനാവകാശ നിയമം നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത നിയമം നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly